"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- പരവൂർ മുനിസിപ്പാലിറ്റിയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന - ഹെൽത്ത് ഇൻസ്പെക്ടർമാർക്കെതിരായി ആരംഭിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

**സ.ഉ.(സാധാ) നം.883/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 17/04/2021

പരാമർശം:- 1 വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 24.05.2016 തീയതിയിലെ ഇ2(എസ്.സി.04/16(കൊല്ലം) 15103/2014 നമ്പർ കത്ത്

2 സർക്കാരിന്റെ 21.03.2017തീയതിയിലെ ഇയു2-207/2016/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3 നഗരകാര്യ ഡയറക്ടറുടെ 21.03.2019 തീയതിയിലെ വി1- 8616/2017നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, പരവൂർ മുനിസിപ്പാലിറ്റിയിൽ 16.01.2016-ൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ ടി നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 ശ്രീ.എബി.സി.ഐ, ഹെൽത്ത് ഇൻസ്പെക്ടർ-ഗ്രേഡ്-2 ശ്രീ.മധുസൂദനൻ.കെ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ശ്രീ.സരിൻ.എസ്.ആർ എന്നിവർ 16.01.2016 ൽ അനുവാദമില്ലാതെ ഡ്യൂട്ടിയിൽ ഹാജരില്ലാതിരുന്നു എന്ന് കണ്ടെത്തിയതിനെത്തുടർന്ന് പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് ടിയാളുകളുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിച്ചതിന്റെ ഭാഗമായി പരാമർശം 2 പ്രകാരം കുറ്റാരോപണമെമ്മോ/പത്രിക നൽകിയിരുന്നു. പ്രസ്തുത കുറ്റാരോപണ മെമ്മോയ്ക്ക് ടി ജീവനക്കാർ സമർപ്പിച്ച പ്രതിവാദ പത്രികയിൽ കൊല്ലം റീജിയണൽ ജോയിന്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പരാമർശം 3 പ്രകാരം നഗരകാര്യഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. കൊല്ലം റീജിയണൽ ജോയിന്റ് ഡയറക്ടറുടെ അന്വേഷണറിപ്പോർട്ട് പ്രകാരം ശ്രീ സരിൻ എസ്. ആർ, ശ്രീ മധുസൂദനൻ കെ., ശ്രീ എബി സി.ഐ എന്നിവർ 16.01.2016- ൽ ജോലിയ്ക്ക് ഹാജരായില്ലായെന്നും, പിറ്റേ ദിവസം സമർപ്പിച്ച അപേക്ഷയിന്മേൽ വ്യക്തമായ കാരണം ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ലീവ് അനുവദിച്ചിട്ടുള്ളതാണെന്നും, ടി ജീവനക്കാരുടെ പേരിൽ ഔദ്യോഗിക ചുമതലകളുമായി ബന്ധപ്പെട്ട അച്ചടക്ക നടപടികളോ, ശിക്ഷാ നടപടികളോ സ്വീകരിച്ചിട്ടില്ലാത്തതും നഗരസഭയിൽ ചുമതല വഹിച്ചിരുന്ന കാലയളവിൽ അനധികൃതമായി.

ജോലിക്ക് ഹാജരാകാതിരുന്ന സംഭവങ്ങളോ, മറ്റ് സ്വഭാവ ദൂഷ്യങ്ങളോ ബോദ്ധ്യപ്പെട്ടിട്ടില്ലാത്തതാണെന്നും പരവൂർ നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിരുന്നു.

3. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് പ്രകാരം ആരോപണവിധേയരായ 3 ജീവനക്കാരും മുൻകൂർ അനുമതി കൂടാതെയും അവധി അപേക്ഷ സമർപ്പിക്കാതെയുമാണ് 16.01.2016-ൽ ഓഫീസിൽ ഹാജരാകാതിരുന്നത്. ശ്രീ.മധുസൂദനൻ കെ, ശ്രീ.സി.എം.എബി എന്നിവർ മലപ്പുറം, ആലപ്പുഴ ജില്ലകളിൽ സ്ഥിരതാമസത്തിലുള്ളവരും പൊതു അവധിയ്ക്ക് നാട്ടിൽ പോയി വരുന്നവരുമാണ്. കൂടാതെ 3 ജീവനക്കാരും തികച്ചും വ്യത്യസ്തവും ആകസ്മികവുമായ കാരണങ്ങളിന്മേലാണ് ഒരേ ദിവസം ഓഫീസിൽ ഹാജരാകാതിരുന്നതാണെന്ന് ജീവനക്കാരുടെ മറുപടിയിൽ നിന്നും വ്യക്തമാകുന്നതായും ടിയാളുകൾ തൊട്ടടുത്ത ദിവസം ഹാജരായിട്ടുള്ളതും അവധി അപേക്ഷ ഹാജരാക്കിയിട്ടുള്ളതും കാരണം ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നഗരസഭാ സെക്രട്ടറി അവധി ക്രമീകരിച്ചിട്ടുള്ളതുമാണ്. ടെലിഫോൺ മുഖേനയെങ്കിലും ഹാജരാകാത്തതിന്റെ കാരണം അറിയിക്കാമായിരുന്നെങ്കിലും ആയതിൽ വീഴ്ചയുണ്ടായിട്ടുള്ളത് ഗൗരവമായി കാണുന്നതും എന്നാൽ ടിയാളുകൾ നഗരസഭയിൽ ഔദ്യോഗിക ചുമതലകളുമായി ബന്ധപ്പെട്ടോ അല്ലാതെയോ നടപടികൾ നേരിട്ടിട്ടില്ലാത്തതും അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതെയിരുന്നിട്ടില്ലാത്തതും മറ്റ് സ്വഭാവ ദൂഷ്യങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടില്ലാത്തതുമാകയാൽ മേൽ പ്രവൃത്തി മന:പൂർവ്വമല്ലാത്ത വീഴ്ചയായി കണക്കാക്കാവുന്നതാണ് എന്നും ടി സാഹചര്യത്തിൽ നഗരസഭാ സെക്രട്ടറിയുടേയും കൊല്ലം മേഖലാ ജോയിന്റ് ഡയറക്ടറുടേയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മാനുഷിക പരിഗണനയുടെ പേരിൽ തുടർന്ന് ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കുവാൻ താക്കീത് നൽകി അച്ചടക്ക നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിരുന്നു.

4. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണമെമ്മോയിൽ ജീവനക്കാരുടെ മറുപടി നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് എന്നിവ പ്രകാരം വിശദമായി പരിശോധിച്ചു. മുൻകൂർ അനുമതിയില്ലാതെ അവധിയിൽ ആയിരുന്നു എന്ന ആരോപണം മാത്രമാണ് ടി ജീവനക്കാർക്കെതിരേയുണ്ടായിരുന്നത്. ആയതിന് ടി ജീവനക്കാരുടെ മറുപടികൾ പരിശോധിച്ചതിൽ വസ്തുതാപരമാണെന്ന് കാണുന്നു. 3 ജീവനക്കാരും ഒരേ ദിവസം ഓഫീസിൽ ഹാജരാകാതിരുന്നത് തികച്ചും വ്യത്യസ്തവും ആകസ്മികവുമായ കാരണങ്ങളിന്മേലാണ് എന്നും ആയതിൽ ദുരൂഹതയില്ലാത്തതായും കാണുന്നു.

5. മേൽ സാഹചര്യത്തിൽ പരവൂർ മുൻസിപ്പാലിറ്റിയിൽ 16.01.2016-ൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയുടെ അടിസ്ഥാനത്തിൽ ടി നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 ശ്രീ.എബി.സി.ഐ, ഹെൽത്ത് ഇൻസ്പെക്ടർ-ഗ്രേഡ്-2 ശ്രീ.മധുസൂദനൻ.കെ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ശ്രീ.സരിൻ.എസ്.ആർ എന്നിവർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി ടിയാളുകൾക്ക് 'താക്കീത്' നൽകി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രമണി മാത്യു
അഡീഷണൽ സെക്രട്ടറി

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (നഗരകാര്യഡയറക്ടർ മുഖേന)
വിജിലൻസ് വകുപ്പ്
(28.05.2019തീയതിയിലെ VIG-D1/286/2019-VIG നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ